TB Movie Panel Weekly Review

**#moviepanel**

ജയ് ഭീം

Written By : Arjun Anand

ഒരു കാലഘട്ടത്തിൽ "പാണ്ടിപ്പടം " എന്ന രീതിയിൽ പരിഹസിക്കപ്പെട്ടിരുന്ന അവസ്ഥയിൽ നിന്നും ഇന്ത്യയിലെ തന്നെ മികച്ച സിനിമകൾ ഒരുക്കുന്ന ഇൻഡസ്ട്രികളിൽ ഒന്നായുള്ള തമിഴ് സിനിമയുടെ വളർച്ച അത്ഭുതപെടുത്തുന്നതാണ്....പതിവ് മസാല ചിത്രങ്ങൾ ആയാലും കലാമൂല്യം ഉള്ള ചിത്രങ്ങൾ ആയാലും പ്രേക്ഷക സ്വീകാര്യത ഉണ്ട് എന്നുള്ളത് തമിഴ് സിനിമയുടെ പ്രത്യേകതയാണ്...തമിഴിൽ നിന്നും സിനിമ പ്രേമികൾക്ക് മുൻപിലേക്കെത്തിയ ഏറ്റവും പുതിയ ചിത്രമാണ് സൂര്യയെ നായകനാക്കി ടി ജെ ജ്ഞാനവേൽ സംവിധാനം ചെയ്ത "ജയ് ഭിം "...ആമസോൺ പ്രൈമിലൂടെ ആണ് ചിത്രം റിലീസ് ആയിരിക്കുന്നത്..

ആയിരത്തിതൊള്ളയിരത്തിതൊണ്ണൂറുകളുടെ ആദ്യ പകുതിയിൽ തമിഴ്നാട്ടിലെ കടലൂർ ജില്ലയിലെ ഒരു ഉൾഗ്രാമത്തിൽ ജീവിക്കുന്ന ഇരുളർ വിഭാഗത്തിൽ പെട്ട ദമ്പതികൾ ആണ് രാജാക്കണ്ണും സെങ്ങനിയും... ഉയർന്ന ജാതിക്കാരായ ജന്മികളുടെ പാടത്തും പറമ്പിലും ശല്യം ചെയ്യുന്ന എലികളെയും പാമ്പിനെയും ഒക്കെ പിടിച്ചും ചൂളയിൽ പണി എടുത്തും ഒക്കെ ആണ് അവർ ഉപജീവനം നടത്തുന്നത്... അങ്ങനെ ഇരിക്കെ,അവിടുത്തെ ഒരു രാഷ്ട്രീയ സ്വാധീനം ഉള്ള ജന്മിയുടെ വീട്ടിലെ ആഭരണങ്ങൾ മോഷണം പോകുകയും തുടർന്നു പോലീസിനാൽ രാജാക്കണ്ണ് പ്രതിയാക്കപ്പെടുകയും ചെയ്യുന്നു.. തുടർന്ന് അവരുടെ ജീവിതത്തിൽ നടക്കുന്ന സംഭവങ്ങൾ ആണ് ചിത്രത്തിൽ പ്രതിപാദിച്ചിരിക്കുന്നത്..

ജാതിവിവേചനത്തിന്റെയും തൊട്ടുകൂടായ്മയുടെയും ഒക്കെ ഭീകരത നമ്മളിൽ പലർക്കും അതിന്റെ യാഥാർത്ഥ അളവിൽ ബോധ്യപ്പെട്ടിട്ടുണ്ടാവില്ല... ആ അജ്ഞത കൊണ്ട് തന്നെ ആണ് പലപ്പോഴും റിസേർവഷന് എതിരെ യും അത് പോലെ അവഗണിക്കപ്പെട്ടു കിടക്കുന്ന പല വിഭാഗങ്ങളിലെയും ആളുകളെ മുൻ നിരയിലേക്ക് കൊണ്ടുവരാൻ വേണ്ടി വിഭാവനം ചെയ്തിട്ടുള്ള മറ്റ് പല പദ്ധതികളോടും ഒക്കെ എതിർപ്പ് പ്രകടിപ്പിക്കുന്നത്...നമ്മൾകാണാത്തതോ അനുഭവിക്കാത്തത് ഒന്നും നമ്മൾ അംഗീകരിക്കില്ലല്ലോ...ചിത്രത്തിലെ ഒരു കഥാപാത്രം രജിഷ അവതരിപ്പിക്കുന്ന ടീച്ചറിന്റെ കഥാപാത്രത്തോട് പറയുന്ന ഒരു സംഭാഷണത്തിൽ നിഴലിക്കുന്നുണ്ട് പിന്നോക്ക ജാതി എന്ന് ചാപ്പ കുത്തി അവഗണിച്ചു മാറ്റി നിർത്തിയിരിക്കുന്ന വിഭാഗങ്ങളോട് ഉള്ള പൊതു

സമൂഹത്തിന്റെ മനോഭാവം...ഏറെക്കുറെ ആ സംഭാഷണം ഇങ്ങനെ ആണ്... "ഇവനൊക്കെ വോട്ടവകാശം നേടിക്കൊടുത്താൽ ഇവന്റെ ഒക്കെ മുൻപിലും പോയി വോട്ടിനുവേണ്ടി കെഞ്ചേണ്ടിവരും "...എന്ന്

ആയുഷ്മാൻ ഖുറാന നായകനായ ആർട്ടിക്കിൾ 15 എന്ന ചിത്രവും വിസാരണൈ എന്ന ചിത്രവും ആണ് ഇങ്ങനെ ഒരു വിഷയം ഇതിനു മുൻപ് ഈ അടുത്തകാലത്തു സത്യസന്ധമായി ചർച്ച ചെയ്തത്..വിസാരണയുടെ കുറച്ചുകൂടി കച്ചവടവത്കരിക്കപ്പെട്ട പതിപ്പ് ആണ് ജയ് ഭിം എന്ന് പറയാം...1993 കാലഘട്ടത്തിൽ തമിഴ്നാട്ടിലെ കടലൂർ ജില്ലയിൽ യഥാർത്ഥത്തിൽ നടന്ന ഒരു ദാരുണ സംഭവത്തെ അടിസ്ഥാനമാക്കി ആണ് ചിത്രം ഒരുക്കിയിരിക്കുന്നത്.... അടിച്ചമർത്തപ്പെട്ട വിഭാഗത്തിന്റെ അവകാശങ്ങൾക്കായി ലാഭേച്ഛ ഇല്ലാതെ പോരാടിയിരുന്ന ചന്ദ്രു എന്ന വക്കീലിന്റെ കൂടി കഥ ആണ് ചിത്രം പറയുന്നത്...ചിത്രം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രസക്തി 28 വർഷങ്ങൾക്കും ഇപ്പുറം ഇങ്ങു 2021ലും ഒരു തരി ചോർന്നിട്ടില്ല എന്നുള്ളത് നമ്മുടെ സാമൂഹികപരമായി ഉണ്ടാവേണ്ട വളർച്ച എത്രത്തോളം മുരടിച്ചുപോയി എന്നുള്ളതിന്റെ അടയാളം ആണ്..

മലയാളികൾക്ക് ഒരുപാട് ഇഷ്ടം ഉള്ള നടൻ ആണ് സൂര്യ...പക്ഷെ പിൽക്കാലത്തു പുറത്തിറങ്ങിയ പല ചിത്രങ്ങളും മോശം അഭിപ്രായം ആയിരുന്നു നേടിയത്...തന്റെ തന്നെ മുൻകഥാപാത്രങ്ങളെ അനുകരിക്കുവാൻ ശ്രമിച്ചു പരാജയപ്പെടുന്ന സൂര്യയിലെ നടനും ഏറെ വിമർശനങ്ങൾ ഏറ്റുവാങ്ങിയിരുന്നു...ഡബ്ബിങ് സ്റ്റുഡിയോയിൽ തന്റെ തന്നെ മോശം പ്രകടനം സ്ക്രീനിൽ കണ്ടത് മടുപ്പുളവാക്കി എന്ന് സൂര്യ തന്നെ അടുത്തിടെ ഒരു അഭിമുഖത്തിൽ തുറന്ന് സമ്മതിച്ചിരുന്നു... അതിനൊരു മാറ്റം കൊണ്ടുവന്നതും സൂര്യ എന്ന താരത്തിൽ ഉപരി നടൻ എന്ന നിലയിൽ ഉള്ള പ്രകടനങ്ങൾ കണ്ടതും സൂരരെ പോട്രുവിൽ ആണ്... അതിലെ പ്രകടന മികവിന്റെ തുടർച്ചയെന്നോണം എത്തിയ കഥാപാത്രം ആണ് അഡ്വക്കേറ്റ് ചന്ദ്രു... ചന്ദ്രു സൂര്യയുടെ കൈയിൽ ഭദ്രം ആയിരുന്നു... നടൻ എന്നതിലുപരി ഒരു നിർമാതാവ് എന്ന നിലയിലും സൂര്യ കയ്യടി അർഹിക്കുന്നുണ്ട്...

തമ്പി,നെട്രികണ്ണ്, എട്ടു തോട്ടകൾ തുടങ്ങിയ ചിത്രങ്ങളിലൂടെ പ്രേക്ഷകർക്ക് പരിചിതനായ മണികണ്ഠൻ ആണ് രാജാക്കണ്ണ് ആയി മികച്ച പ്രകടനം കാഴ്ചവയ്ച്ചിരിക്കുന്നത്..പ്രേക്ഷകരെ അക്ഷരർത്ഥത്തിൽ അതിശയിപ്പിക്കുന്ന മേക്കോവറും പ്രകടനവുമായി എത്തിയത് മലയാളികളുടെ സ്വന്തം ലിജോ മോൾ ആണ്... ഒരു നടി എന്ന നിലയിൽ ലിജോമോളുടെ കരിയറിന്റെ രണ്ടാം ഘട്ടത്തിലേക്കുള്ള ശക്തമായ കാൽവെയ്പ്പാണ് സെങ്കനി...എം എസ് ഭാസ്കറും പ്രകാശ് രാജും രജിഷ വിജയനും മികച്ച പ്രകടനകളുമായി ചിത്രത്തിൽ ഉണ്ട്..

ചിത്രത്തിന്റെ സംഗീതവും പശ്ചാത്തല സംഗീതവും കൈകാര്യം ചെയ്തിയ്ക്കുന്നത് സീൻ റോൾഡൻ ആണ്... ഇരുളരുടെ ജീവിതം ഒരു

ഛായാചിത്രം പോലെ മനോഹരവും യാഥാർത്ഥവുമായി പകർത്തിയിരിക്കുന്നത് കതിരാണ്... എഡിറ്റിംഗ് നിർവഹിച്ചിരിക്കുന്നത് ഫിലോമിൻ രാജ് ആണ്...

പയനം എന്ന തമിഴ് ക്രൈം ത്രില്ലർ രചിച്ചുകൊണ്ടാണ് സംവിധായകൻ ടി ജെ ജ്ഞാനവേൽ സിനിമയിലേക്ക് കാൽവെയ്പ് നടത്തിയത്.. പിന്നീട് അശോക് സെൽവനെ നായകനാക്കി പുറത്തിറക്കിയ റൊമാന്റിക് കോമഡി ചിത്രം കൂട്ടത്തിൽ ഒരുവനിലൂടെ സംവിധായകന്റെ കുപ്പായവും അണിഞ്ഞു..

പലപ്പോഴും ചിത്രം സാരോപദേശപ്രസംഗത്തിന്റെ രൂപഭവങ്ങൾ അണിയുന്നുണ്ടെങ്കിലും ചിത്രം ചർച്ച ചെയ്യുന്ന വിഷയത്തിന്റെ പ്രാധാന്യം ചോർന്നു പോകാത്ത വിധമുള്ള തിരക്കഥയും സംവിധാനവും മുഷിപ്പില്ലാതെ രണ്ടേമുക്കാൽ മണിക്കൂർ പ്രേക്ഷകനെ പിടിച്ചിരുത്തുവാൻ പര്യാപ്തമാണ്... സൂര്യയിലെ താരത്തിന്റെ ഹീറോയിസത്തിനുമുപരിയായി അദ്ദേഹത്തിലെ നടനെ ഉപയോഗിക്കുവാൻ സംവിധായകന് കഴിഞ്ഞിട്ടുണ്ട്..

അംബേദ്ക്കറുടെ "ജയ് ഭിം" എന്ന മുദ്രാവാക്യത്തിന്റെ പശ്ചാത്തലത്തിൽ ആണ് ചിത്രം അവസാനിക്കുന്നത്..
പ്രേക്ഷക മനസ്സിനെ ഇത്രത്തോളം ആസ്വസ്ഥമാക്കുന്ന മറ്റൊരു ചിത്രം അടുത്തെങ്ങും ഉണ്ടായിട്ടില്ല എന്ന് നിസംശയം പറയാം..."ജയ് ഭിം " ഒരു കണ്ണ് തുറപ്പിക്കൽ ആണ്...നമ്മുക്കും ചുറ്റും നടക്കുന്നതിനെതിരെ കണ്ണടച്ച് പിടിച്ചു ഇരുട്ടാക്കുന്നവർക്ക് മുൻപിൽ തെളിയുന്ന ഒരു തരി വെളിച്ചമാണ്..